

# സ്വർഗ്ഗ ദർശനം (വെളിപാട് പഠനം 51)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റാ

## നാലാം അദ്ധ്യായം: ഇനിമേല് സംഭവിപ്പാനുള്ളത്(4-22)

വാക്യം- 4: 1 "അനന്തരം സ്വര്ഗ്ഗത്തില് ഒരു വാതില് തുറന്നിരിക്കുന്നത് ഞാന് കണ്ടു. കാഹള നാദം പോലെ എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു: ഇവിടെ കയറി വരിക. മേലാല് സംഭവിപ്പാനുള്ളതു ഞാന് നിനക്ക് കാണിച്ചു തരാം എന്നു കല്പിച്ചു.

വെളിപ്പാടു പുസ്തകത്തിന്റെ മൂന്നാം ഭാഗത്തേയ്ക്ക് നാം പ്രവേശിക്കുന്നു. ഈ പുസ്തകത്തെ 1: 19ല് മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. നീ കണ്ടത്, ഇപ്പോള് ഉള്ളത്, ഇനി സംഭവിപ്പാനിരിക്കുന്നത്. അതില് നീ കണ്ടത് 1: 11 മുതല് 20 വരെയുള്ള ഭാഗങ്ങളും ഇപ്പോള് ഉള്ളത് രണ്ടും മൂന്നും അദ്ധ്യായങ്ങളും ഇനി സംഭവിപ്പാനിരിക്കുന്നത് 4 മുതല് 22 വരെയുള്ള അദ്ധ്യായങ്ങളും ആകുന്നു. അതില് നീ കണ്ടതും ഇപ്പോള് ഉള്ളതും നാം പഠിച്ചു കഴിഞ്ഞു. ഇനിയും നാം മൂന്നാം ഭാഗം ചിന്തിക്കാന് തുടങ്ങുന്നു. പ്രവചനപരമായി ഏഴു സഭകള് പ്രതിനിധാനം ചെയ്യുന്ന സഭാ കാലഘട്ടം അവസാനിച്ച ശേഷമുള്ള കാര്യങ്ങള് ആണ് 4 മുതലുള്ള അദ്ധ്യായങ്ങളിലുള്ളത്. സഭാ കാലഘട്ടം അവസാനിച്ചാല് ആദ്യം നടക്കേണ്ട സഭവം സഭയുടെ ഉള്പ്രാപണം ആണ്. 'അനന്തരം' എന്നതിന് സഭായുഗം കഴിഞ്ഞതിനുശേഷം എന്നാണര്ത്ഥം. മൂന്നാം അദ്ധ്യായത്തിന്റെ അവസാനത്തോടുകൂടി സഭായുഗം അവസാനിക്കുന്നു. രണ്ടും മൂന്നും അദ്ധ്യായങ്ങളില് വിവരിച്ചിരിക്കുന്ന സഭായുഗം കഴിഞ്ഞശേഷം എന്നര്ത്ഥമാണ് അനന്തരം എന്ന പദത്തില് നിന്നും വ്യക്തമാക്കുന്നത്. അനന്തരം അഥവാ ഇതിനുശേഷം എന്നുള്ള പദം ഓരോ പുതിയ ദര്ശനത്തെയും അനാവരണം ചെയ്യുന്ന പദമാണ്. 7: 1, 9; 18: 1; 19: 1. പ്രദര്ശനരംഗം ഭൂമിയില് നിന്നും സ്വര്ഗ്ഗത്തിലേക്ക് മാറുന്നു. രണ്ട്, മൂന്ന് അദ്ധ്യായങ്ങളില് ഉയര്ത്തെഴുന്നേറ്റവനായ ക്രിസ്തു സഭകളുടെ മദ്ധ്യേ നടകൊള്ളുന്നതായി നാം കണ്ടു. ഈ ഭൂമിയില് സഭായുഗം

കഴിയുന്നതോടുകൂടി സഭ സ്വര്ഗ്ഗത്തില് കര്ത്താവിനോടുകൂടെ ആയിരിക്കന്ന മഹത്വകരമായ കാഴ്ചയത്രെ തുടര്ന്ന് നാം കാണുന്നത്.

രണ്ടും മൂന്നും അദ്ധ്യായങ്ങളില് സഭയുടെ മദ്ധ്യേ ഉലാവുന്ന കര്ത്താവ് 4-ാം അദ്ധ്യായത്തില് സ്വര്ഗ്ഗസിംഹാസനത്തിലിരിക്കുന്നതായാണ് കാണുന്നത്. അതായത് നാലാം അദ്ധ്യായം മുതലുള്ള ദൃശ്യം ഭൂമിയില് നിന്ന് സ്വര്ഗ്ഗത്തിലേക്ക് മാറ്റപ്പെടുന്നു. ഒന്നാം അദ്ധ്യായത്തില് കര്ത്താവിന്റെ മഹത്വീകരിക്കപ്പെട്ട കാഴ്ച യോഹന്നാന് കണ്ടു. രണ്ടും മൂന്നും അദ്ധ്യായങ്ങളില് ഏഴു സഭകള്ക്കുള്ള ദൂതുകള് കര്ത്താവില് നിന്നും യോഹന്നാന് ലഭിച്ചു. ഇവിടെ സഭായുഗത്തിന്റെ പരിസമാപ്തിയിലേക്ക് കര്ത്താവ് യോഹന്നാനെ നയിച്ചു. യോഹന്നാന് നോക്കുമ്പോള് സ്വര്ഗ്ഗത്തില് ഒരു വാതില് തുറന്നിരിക്കുന്നു. ഇവിടെ കയറി വരിക, മേലാല് സംഭവിപ്പാനുള്ളത് ഞാന് നിനക്ക് കാണിച്ചു തരാം എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു ശബ്ദം താന് കേട്ടു. തല്ക്ഷണം യോഹന്നാന് ആത്മവിവശനാകുകയും സ്വര്ഗ്ഗത്തില് ഒരു സിംഹാസനം വച്ചിരിക്കുന്നതും സിംഹാസനത്തിന്മേല് ഒരുവന് ഇരിക്കുന്നതും കാണുന്നു. യോഹന്നാനെ സ്വര്ഗ്ഗത്തിലേക്ക് വിളിക്കുന്നതിന് മുമ്പാണ് സ്വര്ഗ്ഗത്തില് തുറന്ന വാതില് യോഹന്നാന് കണ്ടത്. ഇത് സ്വര്ഗ്ഗത്തിലെ ഒരു വാതിലാണ്. സ്വര്ഗ്ഗം തുറന്ന് ഈ പ്രത്യേക വാതില് യോഹന്നാന് കണ്ടു. ഈ ദര്ശനം വളരെ പ്രാധാന്യമര്ഹിക്കുന്നു. കര്ത്താവായ യേശുക്രിസ്തു തനിക്കുള്ള സഭയാം മണവാട്ടിയെ വെളികഴിക്കുന്നതിനായി തുറക്കപ്പെടുന്ന ഒരു വാതിലാണിത്. ക്രിസ്തുവില് മരിച്ച് ഉയര്ത്തെഴുന്നേറ്റ വിശുദ്ധന്മാരും ഒരുമിച്ച് മേഘങ്ങളിലേക്ക് എടുക്കപ്പെട്ടു. തുറക്കപ്പെട്ട വാതിലിലൂടെ മണവാളനായ ക്രിസ്തുവിന്റെ കാന്തയായ സഭയുമായി മണിയറ വാസത്തന്നായി സ്വര്ഗ്ഗത്തിലേക്ക് പ്രവേശിക്കുന്നു. മറ്റു പല സന്ദര്ഭങ്ങളിലും സ്വര്ഗ്ഗം തുറന്നിരിക്കുന്നതായി തിരുവചനത്തില് കാണുന്നു.

## സ്വര്ഗ്ഗം തുറന്ന 7 സന്ദര്ഭങ്ങള്

1. ഉല്പത്തി- 28: 12. യാക്കോബിന് സ്വര്ഗ്ഗം തുറന്നു. ഉപായി ആയ യാക്കോബ് പൂര്ണ്ണമായ ഒരു സമര്പ്പണത്തിലേക്ക് കടന്നു വരുവാന് വേണ്ടിയാണ് സ്വര്ഗ്ഗം തുറന്നത്.
2. യെഹെ. 1: 1. യെഹെസ്കേലിന് സ്വര്ഗ്ഗം തുറന്നത് ബാബിലോണില് (ഇറാക്ക്) കെബാര് നദിയുടെ തീരത്ത് പ്രവാസികളുടെ ഇടയില് ഇരിക്കുമ്പോഴാണ്. യിസ്രയേല് ജനം ഇപ്പോള് പിന്മാറ്റത്തിലാണ്. വിഗ്രഹസേവയായിരുന്നു

അവരുടെ പാപം. അവരെ പിന്മാറ്റത്തില് നിന്നും തിരിച്ച് ദൈവകൃപയിലേക്ക് കൊണ്ടു വരുവാനാണ് ഇവിടെ സ്വര്ഗ്ഗം തുറന്നത്.

3. മത്തായി. 3: 16, 17; മര്ക്കോ. 1: 10. യേശുവിന് സ്വര്ഗ്ഗം തുറന്നത് സ്നാനസമയത്താണ്.

4. പ്രവൃത്തി. 7: 56. സ്തേഫാനോസിന് സ്വര്ഗ്ഗം തുറന്നത്. തന്റെ പരിശോധന വേളയില് തന്നെ ആശ്വാസിപ്പിക്കുന്നതിന് വേണ്ടിയാണ്.

5. പ്രവൃത്തി. 10: 11. പത്രോസിന് സ്വര്ഗ്ഗം തുറന്നത് ജാതികള്കൂടി ദൈവസഭയിലേക്ക് കടന്നുവരുവാനുള്ള മുഖാന്തിരം ഒരുക്കുകയായിരുന്നു.

6. വെളി. 4: 1. യോഹന്നാന് സ്വര്ഗ്ഗം തുറന്നത് സഭ സ്വര്ഗ്ഗത്തിലേക്ക് കര്ത്താവിന്റെ രഹസ്യവരവില് എടുക്കപ്പെടേണ്ടതിനു വേണ്ടിയാണ്.

7. വെളി. 19: 11. യോഹന്നാന് വീണ്ടും സ്വര്ഗ്ഗം തുറന്നത്. കര്ത്താവ് സഭയുമായി പരസ്യവരവില് ഈ ഭൂമിയിലേക്ക് വരേണ്ടതിനുവേണ്ടിയാണ്. ഇങ്ങനെ ഏഴു പ്രാവശ്യം സ്വര്ഗ്ഗം തുറന്നതായി തിരുവചനത്തില് നാം വായിക്കുന്നു.

**കാഹളനാദം പോലെ** - ഏഴു സഭകള്ക്ക് ദൂതു നല്കുന്ന ദര്ശനം കാഹളനാദത്തിനൊത്ത മഹാനാദത്തോടുകൂടി ആയിരുന്നുവെങ്കില് (1:11) പുതിയ ഒരു ദര്ശനത്തിന് തുടക്കം കുറിക്കുമ്പോല് അതേ കാഹളനാദം സംഭവിക്കുന്നു. കൂടാതെ കര്ത്താവ് സഭയെ ചേര്ക്കുവാന് വരുമ്പോള് ഗംഭീരനാദവും കാഹളനാദവും ഉള്ളതായി കാണുന്നു. 1 തെസ്സ. 4: 16, 17; 1 കൊരി. 15: 52.

**ആദ്യത്തെ ശബ്ദം**- ആദ്യത്തെ ശബ്ദം എന്നത് തുടര്ന്ന് കേട്ട പല ശബ്ദങ്ങളില് ആദ്യത്തേത് എന്ന അര്ത്ഥമല്ല. പിന്നെയോ 1: 11ല് ആദ്യം കേട്ട ശബ്ദത്തിന്റെ ഉടമ തന്നെയാണ് ഇവിടെയും യോഹന്നാനെ വിളിച്ചത് എന്ന് അര്ത്ഥം. യോഹന്നാന് ഒരു കാഴ്ച കാണുകയും ഒരു ശബ്ദം കേള്ക്കുകയും ചെയ്തു. ഈ ശബ്ദം യേശുവിന്റെ ഗംഭീരനാദം ആകുന്നു. യോഹന്നാന് കേട്ട ഈ ശബ്ദം അവനെ സ്വര്ഗ്ഗത്തിലേക്ക് വിളിക്കുന്നതായിരുന്നു. ശരീരത്തില് അവന് ഭൂമിയിലും ആത്മാവില് സ്വര്ഗ്ഗത്തിലും ആയിത്തീര്ന്നു. യെഹെസ്കേ. 11:24ലും ദാനി. 8: 2ലും ഇതുപോലെയുള്ള അനുഭവം കാണാം. ഇവിടെ കാഹളനാദവും ഗംഭീരശബ്ദവും മുഴങ്ങുന്നതായി നാം കാണുന്നതിനാല് വെളിപ്പാട് പുസ്തകം 4ന്റെ ഒന്നാം വാക്യത്തില് നടക്കുവാന് പോകുന്നത് കര്ത്താവ് തന്റെ സഭയെ ചേര്ക്കുവാന് പോകുന്ന രഹസ്യവരവാകുന്നു.

**ഇവിടെ കയറി വരിക**- "ഇവിടെ കയറി വരിക " എന്ന് കര്ത്താവ് യോഹന്നാനെ വിളിച്ചത് സഭയെ സ്വര്ഗ്ഗത്തിലേക്ക് വിളിക്കുന്നതിന്റെ പ്രതീകമാണ്. മേലാല് സംഭവിപ്പാനുള്ളത് ഞാന് നിനക്ക് കാണിച്ചുതരാം എന്ന് പറഞ്ഞതാണ് "ഇപ്പോള് ഉള്ളത് " എന്ന ഭാഗം അവസാനിച്ച് എന്നുള്ളതിന്റെ വ്യക്തമായ തെളിവ്. യോഹന്നാനെ ആത്മാവില് സ്വര്ഗ്ഗത്തിലേക്ക് ക്ഷണിക്കുന്ന രംഗമാണെങ്കിലും സഭയുടെ ഉള്പ്രാപണത്തിനായുള്ള വിളിയുടെ നിഴല് കൂടിയാണ് ഇത്. ഭൂമിയില് ആയിരുന്ന സഭയുടെ ഉള്പ്രാപണം ഇവിടെ സംഭവിക്കുന്നു. ഇനിമേല് സംഭവിക്കാനുള്ള മഹോപദ്രവകാലവും ഭൂമിയുടെ ന്യായവിധിയും തുടര്ന്നുള്ള സംഭവങ്ങളും ആകുന്നു.

**ഈ വാക്യത്തിലെ പ്രധാന കാര്യങ്ങള്**

1. സ്വര്ഗ്ഗത്തില് ഒരു വാതില് തുറന്നിരിക്കുന്നു
2. ഭൂമിയില് നിന്ന് യോഹന്നാന് ഈ വാതില് കാണുന്നു.
3. കാഹളനാദം പോലെ ഒരു ശബ്ദം കേള്ക്കുന്നു.
4. ആ ശബ്ദം കേള്ക്കുന്നത് സ്വര്ഗ്ഗത്തില് നിന്നാണ്.
5. സ്വര്ഗ്ഗത്തിലേക്ക് കയറി വരാനുള്ള ശബ്ദമാണത്.
6. സ്വര്ഗ്ഗത്തില് വന്ന ശേഷം ഇനി സംഭവിപ്പാനുള്ളത് യോഹന്നാന് കാണിച്ച് കൊടുക്കുന്നു.
7. കര്ത്താവിന്റെ ഗംഭീരനാദവും കാഹളനാദവും ഇവിടെ മുഴങ്ങുന്നു.

ലവോദിക്യാ സഭയ്ക്ക് ദൂതു കൊടുത്തതിന്റെ അവസാനം ജയിക്കുന്നവന് ഞാന് എന്നോടു കൂടെ എന്റെ സിംഹാസനത്തില് ഇരിക്കാന് വരം നല്കും എന്ന് പറഞ്ഞിരിക്കുന്നു. കര്ത്താവിനെ അംഗീകരിച്ചവര്ക്കും മരണപര്യന്തം വിശ്വസ്തരായി ജയിച്ചവര്ക്കുമാണ് കര്ത്താവ് ഈ പദവി നല്കുന്നത്. നാം എപ്പോഴും കര്ത്താവിനോടുകൂടെ ഇരിക്കും എന്നുള്ള പ്രത്യാശ നാലാം അദ്ധ്യായത്തില് നിറവേറുന്നതായി കാണാം. സ്വര്ഗ്ഗത്തില് അവര് സിംഹാസനത്തില് കര്ത്താവിനോടുകൂടെ ഇരിക്കുന്നതായി കാണുന്നു. കൂടാതെ ദൈവത്തിന്റെ ആത്മാവ് സ്വര്ഗ്ഗത്തില് സിംഹാസനത്തിന്റെ മുമ്പില് ജ്വലിച്ചുകൊണ്ടിരിക്കുന്നു. സഭയെ ഒരുക്കി സ്വര്ഗ്ഗത്തില് കാഴ്ചവയ്ക്കുകയത്രെ പരിശുദ്ധാത്മാവിന്റെ ഉത്തരവാദിത്വം. ഇത് കര്ത്താവിന്റെ മടങ്ങിവരവിങ്കല് സഭയുടെ ഉള്പ്രാപണത്തോടുകൂടെ നടക്കുന്നു. ആകയാല് വെളിപാട് 4-ാം അദ്ധ്യായത്തില് ഒന്നാം

വാക്യത്തില് കാണുന്നത് കര്ത്താവിന്റെ രഹസ്യവരവാണ്. വെളിപാട് 19-ാം അദ്ധ്യായം 11-ാം വാക്യത്തില് കര്ത്താവിന്റെ പരസ്യവരവും കാണുന്നു. രഹസ്യവരവ് തന്റെ സഭയെ ചേര്ക്കുവാനും പരസ്യവരവ് സഭയുമായി ഭൂമിയിലേക്ക് ആയിരം ആണ്ട് വാഴുവാനുമാണ് വരുന്നത്.

## കര്ത്താവിന്റെ വരവിലെ 7 സംഭവങ്ങള്

കര്തതാവ് താന് ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വര്ഗ്ഗത്തില് നിന്ന് ഇറങ്ങിവരികയും ക്രിസ്തുവില് മരിച്ചവര് മുമ്പേ ഉയര്ത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തില് കര്ത്താവിനെ എതിരേല്പ്പാന് മേഘങ്ങളില് എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കര്ത്താവിനോടുകൂടെ ഇരിക്കും. 1 തെസ്സ. 4: 16, 17.

യേശുവിന്റെ പുനരാഗമനത്തിന് രണ്ടു മുഖങ്ങളുണ്ട്. തന്റെ വിശുദ്ധന്മാരെ ചേര്പ്പാനായി രഹസ്യത്തിലുള്ള വരവാണ് ഒന്നാമത്തേത്. തന്റെ രാജ്യം സ്ഥാപിപ്പാനായി സര്വ്വമഹത്വത്തോടുകൂടയുള്ള പ്രത്യക്ഷത രണ്ടാമത്തേതും. ഈ രണ്ടു പ്രത്യക്ഷതകള്ക്കും മദ്ധ്യേ ഏഴു വര്ഷങ്ങള് ഉണ്ടായിരിക്കും. ഇതില് ആദ്യരംഗത്ത് യേശു ഭൂമിയില് വരികയില്ല. കര്ത്താവ് താന് സ്വര്ഗ്ഗത്തില് നിന്ന് ഇറങ്ങിവരികയും വിശുദ്ധന്മാര് ആകാശത്തില് കര്ത്താവിനെ എതിരേപ്പാന് മേഘങ്ങളില് എടുക്കപ്പെടുകയും ചെയ്യും. യേശു വരുമ്പോള് ഏഴു സംഭവങ്ങള് നടക്കും.

1 . കര്ത്താവിന്റെ ഗംഭീരനാദം.
2. പ്രധാന ദൂതന്റെ ശബ്ദം.
3. ദൈവത്തിന്റെ കാഹളം.
4. കര്ത്താവ് സ്വര്ഗ്ഗത്തില് നിന്നും ഇറങ്ങിവരും.
5. ക്രിസ്തുവില് മരിച്ചവര് ഉയര്ത്തെഴുന്നേല്ക്കും.
6. ജീവനോടെ ശേഷിക്കുന്നവര് രൂപാന്തരപ്പെടും.
7. അവര് ഒരുമിച്ച് മേഘങ്ങളിലേക്ക് എടുക്കപ്പെടും.

വെളിപ്പാട് 4-ാം അദ്ധ്യായം 1-ാം വാക്യവും 1 തെസ്സ. 4: 1,6, 17 ഈ ഭാഗങ്ങള് ഒന്നിച്ച് ചേര്ത്ത് പഠിക്കേണ്ട വിഷയമാണ്. 4: 1ല് പറയുന്ന കര്ത്താവിന്റെ രഹസ്യവരവിങ്കല് നടക്കുന്ന ഏഴു സംഭവങ്ങളാണ് 1 തെസ്സ. 4: 16, 17 വാക്യങ്ങളില് വിവരിച്ചിരിക്കുന്നത്. അത് അല്പം വിശദീകരിച്ച് പഠിക്കാം.

## 1. കര്ത്താവിന്റെ ഗംഭീരനാദം

ലാസറിന്റെ കല്ലറയ്ക്കല് നിന്നുകൊണ്ട് ഉറക്കെ വിളിച്ച അതേ ശബ്ദം തന്നെയാണ് ഈ ഗംഭീരനാദം. യോഹ. 11: 43. "ലാസ്സറേ പുറത്തു വരിക" എന്ന് അവന് ഉറക്കെ വിളിച്ചു. ലാസ്സറിന്റെ പേര് പ്രത്യേകം പ്രസ്താവിക്കാതിരുന്നുവെങ്കില് അന്നുവരെ മരിച്ചുപോയ എല്ലാ വിശുദ്ധന്മാരും അപ്പോള് ഉയിര്ത്തുവരുമായിരുന്നു. കാരണം "കല്ലറകളില് ഉള്ള എല്ലാവരും അവന്റെ ശബ്ദം കേട്ട് ....... പുനരുത്ഥാനം ചെയ് വാനുള്ള നാഴിക വരുന്നു " എന്ന് യോഹ. 5: 28, 29-ല് വായിക്കുന്നു. ഇവിടെ ലാസറിനെ മാത്രം പ്രത്യേകാല് വിളിക്കുകയായിരുന്നു. അന്ന് യേശു ഉറക്കെ വിളിച്ച ഗംഭീരനാദം ലാസറേ, പുറത്തു വരിക എന്നായിരുന്നുവെങ്കില് വെളിപ്പാട് 4ന്റെ 1ല് കര്ത്താവിന്റെ രഹസ്യവരവിങ്കല് "ഇവിടേയ്ക്ക് കയറിവരുവിന് " എന്ന ഗംഭീര ശബ്ദമായിരിക്കും കര്ത്താവില് നിന്നും പുറപ്പെടുന്നത്. ഈ സമയം കല്ലറകളിലായിരിക്കുന്ന എല്ലാ വിശുദ്ധന്മാരും ഉയിര്ക്കുകയും ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാര് രൂപാന്തിരം പ്രാപിക്കുകയും ചെയ്ത് വാനവിരിവിലേക്ക് പറന്നുയരും.

## 2. പ്രധാന ദൂതന്റെ ശബ്ദം

പ്രധാന ദൂതന് മീഖായേല് ആണ്. മീഖയേല് എന്തിനാണ് കര്ത്താവിന്റെ വരവിങ്കല് ശബ്ദം പുറപ്പെടുവിക്കുന്നത്. ഇന്ന് ഈ ലോകം സാത്താന്റെ അധീനതയിലാണ്. സാത്താന് ഈ ലോകത്തിന്റെ പ്രഭു ആണ്. 2.കൊരി. 4: 4. ആകാശ മണ്ഡലത്തിലാണ് അവന് തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നത്. ആകാശത്തിന്റെ അധിപതി എന്നും (എഫേ. 2:2), സ്വര്ല്ലോകങ്ങളിലെ ദുഷ്ടാത്മസേന എന്നും (എഫേ. 6: 12) അവന് അറിയപ്പെടുന്നു. ദൈവീക പ്രവര്ത്തനങ്ങള്ക്ക് തടസ്സം സൃഷ്ടിക്കുക എന്നതാണ് സാത്താന്റെ ഉദ്ദേശം. ദാനിയേല് പ്രവാചകന്റെ പ്രാര്ത്ഥനയ്ക്ക് ഉത്തരവുമായി സ്വര്ഗ്ഗത്തില് നിന്നും പുറപ്പെട്ട ദൂതനെ പാര്സി രാജ്യത്തിന്റെ പ്രഭു (സാത്താന്) ഇരുപത്തിയൊന്നു ദിവസം തടഞ്ഞു നിര്ത്തി. ആ സമയം പ്രധാന ദൂതനായ മീഖായേലിന്റെ ഇടപെടലാണ് ദൂതന് ദാനിയേലിന്റെ അടുത്തേയ്ക്ക് പോകുവാന് ഇടയായത്. ദാനി. 10; 12-14. കൂടാതെ പര്വ്വതോന്നതങ്ങളില് വച്ച് മരണമടഞ്ഞ മോശെയുടെ ശരീരത്തെ സംബന്ധിച്ച് പിശാച് തര്ക്കം പുറപ്പെടുവിച്ചപ്പോള് പ്രധാന ദൂതനായ മീഖായേല് അവിടെ എത്തി സാത്താനെ ആട്ടിപ്പായിച്ചതും നാം കാണുന്നു. ആവ. 34: 6; യൂദാ. 9. മോശെയുടെ വെറും ഒരു

ശരീരത്തിനുവേണ്ടിയല്ല സാത്താന് തര്ക്കം പുറപ്പെടുവിച്ചത്. മോശെയ്ക്ക് ഉയര്ത്തെഴുന്നേല്പ്പ് നല്കാന് പോകുന്നു എന്ന് മനസ്സിലാക്കിയ സാത്താന് അതിന് തടസ്സം സൃഷ്ടിക്കാനാണ് വന്നത്. മോശെയുടെ ശവകുടീരം ആര്ക്കും അറിഞ്ഞുകൂടാ. യഹോവ അവനെ അടക്കി എന്നാണ് നാം മനസ്സിലാക്കുന്നത്. ആയതുപോലെ കര്ത്താവിന്റെ ഗംഭീരനാദത്തില് ഉയര്ത്തെഴുന്നേറ്റ വിശുദ്ധന്മാരും ജീവനോടെ രൂപാന്തരിപ്പെട്ട വിശുദ്ധന്മാരും മേഘങ്ങളിലേക്ക് എടുക്കപ്പെടുമ്പോള് ആകാശത്തിന്റെ അധിപതിയായ സാത്താന് തന്റെ സര്വ്വശക്തിയും ഉപയോഗിച്ച് തടസ്സം ചെയ്യാന് ശ്രമിക്കുമ്പോള് അവനെ ആട്ടിപ്പായിക്കുന്ന ഭത്സന ശബ്ദമത്രെ പ്രധാന ദൂതനായ മീഖായേലിന്റെ ശബ്ദം.

## 3. ദൈവത്തിന്റെ കാഹളം.

പഴയനിയമകാലത്ത് സഭയെ വിളിച്ചു കൂട്ടുവാനും പാളയത്തെ പുറപ്പെടുവിക്കുവാനുംവേണ്ടി ഉപയോഗിക്കുന്ന ഒന്നായിരുന്നു കാഹളം. സംഖ്യാ. 10:2.

1. യുദ്ധത്തിന്റെ കാഹളം. സംഖ്യ.10:9.
2. വിജയത്തിന്റെ കാഹളം. യോശു. 6: 20.
3. ന്യായാവിധയുടെ കാഹളം. യെഹ. 33. 3-6.
4. ദൈവത്തിന്റെ കാഹളം. 1 തെസ്സ. 4: 16.

ഇവിടെ കര്ത്താവിന്റെ ശബ്ദം കേട്ടു കല്ലറകളില് നിന്ന് ഉയിര്ക്കുകയും രൂപാന്തിരം പ്രാപിക്കുകയും ചെയ്യുന്ന വിശുദ്ധന്മാര് ദൈവത്തിന്റെ കാഹളശ്രവണമാത്രയില് ഒരുമിച്ച് കൂടുകയും മേഘങ്ങളിലേക്ക് മാര്ച്ചിംഗ് ആരംഭിക്കുകയും ചെയ്യും.

## 4 കര്ത്താ വ് സ്വര്ഗ്ഗത്തിൽ നിന്ന് ഇറങ്ങിവരും.

ഈ മൂന്ന് സംഭവങ്ങളോടുകൂടി കര്ത്താവ് സ്വര്ഗ്ഗത്തില് നിന്നും ഇറങ്ങിവരുന്നു. അവന് ആകാശ മേഘങ്ങളെ വാഹനമാക്കി വരും. മത്താ. 24: 64. നിനയാത്ത നാഴികയില് വരും. മത്താ. 24: 44. എത്രയും അല്പകാലം കഴിഞ്ഞിട്ട് വരും. എബ്രാ. 10: 37. പോയതുപോലെ അവന് വീണ്ടും വരും. പ്രവൃത്തി. 1: 11. കള്ളനെപ്പോലെ വരും. മത്താ. 3: 10. ആകാശത്തിലെ മേഘങ്ങളിന്മേല് വരും. മത്താ. 24: 30. നമ്മുടെ കര്ത്താവ് വരുന്നു. 1 കൊരി. 16: 22. കാത്തുനില്ക്കുന്നവര്ക്കായി വരുന്നു. 1 കൊരി. 16: 22. കാത്തുനില്ക്കുന്നവര്ക്കായി വരും. എബ്രാ. 9:28. ഞാന് വേഗം വരുന്നു. വെളി. 22: 7, 12, 20; യോഹ. 14: 2, 3. നമ്മുടെ കര്ത്താവ് സ്വര്ഗ്ഗത്തില് നിന്ന് ആകാശമേഘങ്ങളിലേക്ക് ഇറങ്ങിവരും.

**5. ക്രിസ്തുവില് മരിച്ചവര് ഉയിര്ക്കും.**
ക്രിസ്തുവില് മരിച്ചവരുടെ കല്ലറകള് മാത്രമേ അന്നു തുറക്കപ്പെടുകയുളുളൂ. ഒന്നാമത്തെ പുനരുത്ഥാനത്തില് പങ്കുള്ളവന് ഭാഗ്യവാനും വിശുദ്ധനും ആകുന്നു. വെളി. 20: 6. കര്ത്താവില് മരിക്കുന്ന മൃതന്മാര് ഭാഗ്യവാന്മാര്. വെളി. 20: 6. കര്ത്താവില് മരിക്കുന്ന മൃതന്മാര് ഭാഗ്യവാന്മാര്. വെളി. 14: 6. അവര് തങ്ങളുടെ പ്രയത്നങ്ങളില് വിശ്രമിക്കുന്നു. കല്ലറകളില് വിശ്രമിക്കുന്ന വിശുദ്ധന്മാരുണ്ട്. അഗ്നിയില് ദഹിപ്പിക്കപ്പെട്ട വിശുദ്ധന്മാരുണ്ട്. മൃഗങ്ങള്ക്ക ഇരയായ വിശുദ്ധന്മാരുണ്ട്. സമുദ്രത്തില് മുങ്ങി മരിക്കയാല് മത്സ്യങ്ങളാല് ഭക്ഷിക്കപ്പെട്ട വിശുദ്ധന്മാരുണ്ട്. ആരുമറിയാതെ വനാന്തരങ്ങളിലും മണലാരണ്യങ്ങളിലും മരണമടഞ്ഞ വിശുദ്ധന്മാരുണ്ട്. എന്നാല് തനിക്കുള്ളവരെയെല്ലാം കര്ത്താവറിയുന്നു. ആരും നഷ്ടമാകത്തില്ല. കര്ത്താവിന്റെ ഗംഭീരനാദത്തിങ്കല് അവരെല്ലാം ഉയര്ത്തെഴുന്നേല്ക്കും. ക്രിസ്തുവില് മരിക്കാത്തവര് മഹോപദ്രവവും ആയിരം ആണ്ടു വാഴ്ചയും കഴിഞ്ഞ ശേഷമേ അവര് ഉയിര്ക്കുകയുള്ളൂ. അവരെ വെള്ള സിംഹാസനത്തിന് മുന്പാകെ ന്യായം വിധിക്കുവാന് കൊണ്ടു വരും. വെളി. 20: 11-15.

**6. ജീവനോടെ ഇരിക്കുന്ന വിശുദ്ധന്മാര് രൂപാന്തിരപ്പെടും.**
ഇവിടേയ്ക്കു കയറി വരുവിന് എന്ന കര്ത്താവിന്റെ ശബ്ദം മുഴങ്ങുന്ന മാത്രയില് ജീവിച്ചിരിക്കുന്ന എല്ലാ വിശുദ്ധന്മാരും രൂപാന്തിരം പ്രാപിക്കും. ആ സമയം പലരും ഓഫീസുകളിലും, ഫാക്ടറികളിലും വാഹനങ്ങളിലും സ്കൂളുകളിലും ആശുപത്രികളിലും വയലുകളിലും കിടക്കുകയും വിമാനങ്ങളിലും പ്രാര്ത്ഥിച്ചുകൊണ്ടിരുന്നവരും, പ്രസംഗിച്ചുകൊണ്ടിരുന്നവരുമൊക്കെ ആയിരിക്കും. ഇതൊന്നും കര്ത്താവിന് പ്രശ്നം അല്ല. കാഹളത്തിന്റെ നാദം അവരുടെ ചെവികളില് മുഴങ്ങുകയും കണ്ണിമയ്ക്കുന്നതിനിടയില് അവര് രൂപാന്തിരപ്പെടുകയും ചെയ്യും. കൂടെ ഇരിക്കുന്നവര് ആരും അതറിയത്തില്ല. കാരണം ക്രിസ്തുവിന്റെ ആത്മാവ് അവരിലില്ല എന്നതാണ്.

**7. അവര് ഒരുമിച്ച് മേഘങ്ങളില് എടുക്കപ്പെടും.**
ഉയിര്ത്തെഴുന്നേറ്റവരും രൂപാന്തിരം പ്രാപിച്ചവരും ഒരുമിച്ചാണ് മേഘങ്ങളിലേക്ക് എടുക്കപ്പെടുന്നത്.

ദീര്ഘനാളുകളായി അവര് കാത്തിരുന്ന അരുമ മണവാളന് അതാ വിളിക്കുന്നു. പിന്നെ ഇവിടെ കാത്തുനില്ക്കേണ്ട ആവശ്യം ഇല്ല. ആരോടും യാത്ര പറവാന് സമയമില്ല. പെട്ടെന്നാണ് ഇത് സംഭവിക്കുന്നത്. ഒരുമിച്ച് എന്ന പദം ശ്രദ്ധിക്കുക. ഉയിര്ത്തെഴുന്നേറ്റവരും രൂപാന്തിരപ്പെട്ടവരും ഒരുമിച്ചാണ് മേഘങ്ങളിലേക്ക് എടുക്കപ്പെട്ടത്. നമ്മുടെ മരിച്ചുപോയ പ്രിയപ്പെട്ടവരും നാമും ഒന്നിച്ച് പറന്നുയരുന്ന ആ സമയം എത്രയോ സന്തോഷകരാണ്.

ഈ ഏഴു സംഭവങ്ങളെ മൂന്നായി തിരിക്കാം. ആദ്യത്തെ മൂന്നു സംഭവങ്ങള് സ്വര്ഗ്ഗത്തില് നടക്കുന്നതാണ്. ഒടുവിലത്തെ മൂന്നു സംഭവങ്ങള് ഭൂമിയില് നടക്കുന്നതാണ്. ഈ ആറു സംഭവങ്ങളുടെയും നടുവിലാണ് നമ്മുടെ കര്ത്താവ് തന്റെ സഭയെ ചേര്ക്കുവാന് സ്വര്ഗ്ഗത്തില് മേഘങ്ങളിലേക്ക് ഇറങ്ങിവരുന്നത്. “ അനന്തരം സ്വര്ഗ്ഗത്തില് ഒരു വാതില് തുറന്നിരിക്കുന്നത് ഞാന് കണ്ടു. കാഹളനാദം പോലെ എന്നോട് സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം ഇവിടേയ്ക്ക് കയറി വരിക.” വെളി. 4: 1. (തുടരും)

SHARE